**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1272** **15-10-2026-ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** നെന്മാറ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്നതും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ മലയോര ഹൈവേ പദ്ധതിയിലെ ഗോപാലപുരം -കൊല്ലങ്കോട് (കന്നിമാരിമേട്-നെടുമണി ഭാഗം), കൊല്ലങ്കോട്-വടക്കാഞ്ചേരി (പനങ്ങാട്ടിരി-വിത്തനശ്ശേരി, അയിനംപാടം-തങ്കം ജംഗ്ഷൻ) എന്നീ റീച്ചുകളുടെ നവീകരണ പ്രവൃത്തികളുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിനായി കെ.ആർ.എഫ്.ബി മുഖേന റവന്യൂ അധികൃതർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

**മറുപടി:** കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി പൊതുമരാമത്ത് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അർത്ഥനാപത്രം സമർപ്പിച്ചിട്ടുള്ളതാണ്.

നെന്മാറ നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്നതും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ മലയോര ഹൈവേ പദ്ധതിയുടെ ഭാഗമായി വരുന്ന പ്രസ്തുത റോഡ് റീച്ചുകളിലെ സർവെ ജോലികൾ 2023-24 സാമ്പത്തിക വർഷത്തിൽ ബന്ധപ്പെട്ട താലൂക്ക് ഓഫീസുകൾ മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ സർവെ അതിർത്തി പോയിന്റുകളിൽ സ്ഥാപിക്കുന്നതിനുള്ള സർവെക്കല്ലുകളുടെ ലഭ്യതക്കുറവ് കാരണം അന്ന് അതിർത്തിക്കല്ലുകൾ സ്ഥാപിക്കാൻ സാധിച്ചിരുന്നില്ല.

നിലവിൽ ഗോപാലപുരം-കൊല്ലങ്കോട് റോഡിന്റെ അതിർത്തിയിൽ കല്ലിടൽ പൂർത്തീകരിച്ചിട്ടുള്ളതും അയിനംപാടം-തങ്കം ജംഗ്ഷൻ റോഡിന്റെ അതിർത്തിയിൽ കല്ലിടൽ നടന്നുവരികയുമാണ്. പനങ്ങാട്ടിരി-വിത്തനശ്ശേരി റോഡിന്റെ അതിർത്തിയിൽ കല്ലിടൽ പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല.

**(ബി)** പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സർവേയർമാരുടെ അഭാവം മൂലം തടസ്സപ്പെട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനായി കൂടുതൽ സർവ്വേയർമാരെ നിയോഗിക്കുകയോ ഇതിനായി പ്രത്യേക സർവ്വേ ടീമിനെ ചുമതലപ്പെടുത്തുകയോ ചെയ്യുമോ; വിശദാംശം അറിയിക്കുമോ?

**മറുപടി:** ശേഷിക്കുന്ന ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അധിക സർവെ ജീവനക്കാരുടെ സേവനം ആവശ്യമുള്ള പക്ഷം ജീവനക്കാര നിയമിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**